# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാറളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR(P8)961/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR(P8)961/2022. തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-01-2021 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 14-06-2022 | 17-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 14-06-2022 | 17-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സീനത്ത് പി എ ,ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിദ്യാ വിക്രമൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. ഹാരീഷ് വിഎ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി .സുനിത ആർ,സീ.ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീജ സന്തോഷ് | പ്രസിഡന്റ് | 01-04-2020 | 18-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 19-11-2020 | 29-12-2020 |
| സീമ കെ നായർ എം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| വി.എം.നടരാജൻ | സെക്രട്ടറി | 01-04-2020 | 15-04-2020 |
| ജെയ്സൺ.പി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-04-2020 | 01-05-2020 |
| ജമുന. പി കെ | സെക്രട്ടറി | 02-05-2020 | 10-06-2020 |
| ഷീല എം ബി | സെക്രട്ടറി | 10-06-2020 | 26-01-2021 |
| ഒഴിവ് | സെക്രട്ടറി | 27-01-2021 | 29-01-2021 |
| പ്രസാദ് ടി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-01-2021 | 01-02-2021 |
| ജെയ്സൺ.പി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-02-2021 | 14-02-2021 |
| ഷീല എം ബി | സെക്രട്ടറി | 15-02-2021 | 05-03-2021 |
| ജെയ്സൺ.പി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജെയ്സൺ.പി.എ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.സിജോ ജോസഫ് | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2022 |
| ഡോ.ഗ്രീഷ്മ.വി.ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.അജിത.എം.എ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.ഫിജു.ടി.വൈ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2020 | 31-03-2021 |
| വൽസല.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| സിമി.വി.യു | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| അനില.ടി.തെയ്യശ്ശഞ്ചേരി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| രാധിക.സി.ബി | വി.ഇ.ഒ (കാറളം സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീദേവി.കെ.എ | വി.ഇ.ഒ (മനവലശ്ശേരി സർക്കിൾ) | 01-04-2020 | 31-03-2021 |
| രാഖി ബാബു.എം.എ | ഐ.സി.ഡി.എസ് | 01-04-2020 | 04-09-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ഷമമീന പി എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-09-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 17-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 17-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 17-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.A.Seenath (Audit Officer, On 17-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Seenath (Audit Officer, On 17-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: P.A.Seenath (Audit Officer, On 17-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Seenath (Audit Officer, On 21-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sunitha.R (Senior Grade Auditor, On 23-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 23-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.A.Seenath (Audit Officer, On 21-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-06-2022) | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-10 |
| 11 | വസ്തു നികുതി(റസിഡൻഷ്യൽ) വാർഷിക കണക്കും സഞ്ചയ ഡി.സി.ബി യുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 17-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-11 |
| 12 | വസ്തു നികുതി(നോൺ-റസിഡൻഷ്യൽ) വാർഷിക കണക്കും സഞ്ചയ ഡി.സി.ബി യുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 17-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-12 |
| 13 | വസ്തു നികുതി- റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-13 |
| 14 | വസ്തു നികുതി- നോൺ റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-14 |
| 15 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക) ഡി.സി.ബി വാർഷിക | 1-15 |

| | | |
|---|---|---|
| | കണക്കും സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 17-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | |
| 16 | വസ്തുനികുതി-മുൻകൂർ- വാർഷികകണക്കും രജിസ്റ്ററിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-16 |
| 17 | യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-17 |
| 18 | “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിക്കുന്ന ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-18 |
| 19 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസ ഡിമാന്റ് എൻട്രി ചേർക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-19 |
| 20 | ജേണൽ ബുക്ക്- രേഖപ്പെടുത്തലുകൾക്ക് വൌച്ചർ സൂക്ഷിക്കുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-20 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-21 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-22 |
| 23 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ -വാർഷികകണക്ക് പ്രകാരംചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഇതിനായി തുടങ്ങിയ ബാങ്ക് അക്കൌണ്ടും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-23 |
| 24 | ലോൺ രജിസ്റ്റർ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-24 |
| 25 | ജേണൽ വൌച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 18-06-2022) | 1-25 |
| 26 | ഉപയോഗിക്കാത്ത രശീതി പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കേണ്ടതാണ്<br>Written By: Sunitha.R (Senior Grade Auditor, On 19-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 22-06-2022) | 1-26 |
| 27 | പഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Sunitha.R (Senior Grade Auditor, On 18-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-27 |
| 28 | കെട്ടിടനിർമ്മാണ അപേക്ഷ-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 18-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 22-06-2022) | 1-28 |

| | | |
|---|---|---|
| 29 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sunitha.R (Senior Grade Auditor, On 18-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 18-06-2022) | 1-29 |
| 30 | ലൈസൻസ് - ചട്ടങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 18-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 19-06-2022) | 1-30 |
| 31 | അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Sunitha.R (Senior Grade Auditor, On 18-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-31 |
| 32 | അനധികൃത നിർമ്മാണം - ഫീൽഡ് പരിശോധന നടത്തേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 18-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-32 |
| 33 | നന്തി -താണ്ണിശ്ശേരി റോഡ് പുനരുദ്ധാരണം - ലഭ്യമായ മണ്ണ് ലേലം ചെയ്തില്ല.<br>Written By: Sunitha.R (Senior Grade Auditor, On 19-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-33 |
| 34 | പ്രളയാശ്വാസ ഫണ്ട് (എസ്.സി.പി ) ചെലവഴിച്ച് മാർച്ച് 2021 ന് വാങ്ങിയ 25 തയ്യൽ മെഷീനുകളിൽ 10എണ്ണം നാളിതു വരെ വിതരണം ചെയ്തിട്ടില്ല<br>Written By: Harish V.A. (Asst. Audit Officer, On 17-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-34 |
| 35 | തെരുവ് വിളക്കുകളുടെമീറ്ററിങ്ങ് തുക നൽകി വർഷങ്ങളായിട്ടും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 19-06-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 19-06-2022) | 1-35 |
| 36 | നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറിയത്- പ്രവൃത്തി പൂർത്തീകരണം/ ധനവിനിയോഗം സംബന്ധിച്ചുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Harish V.A. (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 19-06-2022) | 1-36 |
| 37 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- ധനവിനിയോഗം സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Harish V.A. (Asst. Audit Officer, On 17-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 19-06-2022) | 1-37 |
| 38 | അമൃതം ജീവാമൃതം പദ്ധതി-മരുന്നുകൾ മുഴുവനും ലഭ്യമായില്ല<br>Written By: Sunitha.R (Senior Grade Auditor, On 20-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 20-06-2022) | 1-38 |
| 39 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 20-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 20-06-2022) | 1-39 |
| 40 | മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 20-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 23-06-2022) | 1-40 |
| 41 | പഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി-<br>Written By: P.A.Seenath (Audit Officer, On 21-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-06-2022) | 1-41 |
| 42 | മനപ്പടി റോഡ് കാന നിർമ്മാണം-വാർഡ് -7 അപാകത<br>Written By: P.A.Seenath (Audit Officer, On 21-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-42 |
| 43 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 21-06-2022) | 1-43 |

| | | |
|---|---|---|
| | Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | |
| 44 | കുട്ടിക്കൂട്ടം ചിൽഡ്രൻസ് പാർക്ക് നിർമ്മാണം -അപാകതകൾ<br>Written By: P.A.Seenath (Audit Officer, On 21-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-44 |
| 45 | ഭവന നിർമ്മാണം-അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 21-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-45 |
| 46 | ചെലവ് രേഖകൾ ഹാജരാക്കിയില്ല-152536 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sunitha.R (Senior Grade Auditor, On 21-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-46 |
| 47 | ഫയൽ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Sunitha.R (Senior Grade Auditor, On 22-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-47 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 14-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 14-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 21-06-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: P.A.Seenath (Audit Officer, On 14-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.A.Seenath (Audit Officer, On 14-06-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയ്യതി | 26/03/2020 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് | വരവ് | ചെലവ് |
| | 147667941 | 145042590 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയ്യതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 17.02.2021<br>2(1)<br>176445657 (വരവ്) | 170815420 (ചെലവ്) |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 20-07-2021 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 854,5975.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 71130790.00 |
| ആകെ | 79676765.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 70666273.00 |
| നീക്കിയിരിപ്പ് | 9010492.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 11294059 | 11294059 | 10835874 | 458185 |
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 908608 | 9082608 | 7733939 | 1348669 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 9867000 | 9867000 | 9867000 | 0 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 3456681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 4250000 | 4250000 | 1646484 | 2603516 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8467306 | 8467306 | 6757601 | 1709705 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിൻറെ ശതമാനം |
|---|---|---|---|---|---|---|---|
| 20-21 | 225 | 83507154 | 155 | 56384499 | 48 | 22 | 67.52 |

## 1-6 ക്ഷേമപെൻഷനകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6331000 | 425 |
| വിധവാ പെൻഷൻ | 14360800 | 919 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 29416300 | 1840 |
| വികലാംഗ പെൻഷൻ | 3715600 | 236 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷന് | 1120500 | 75 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 352248 | 541009 | 893257 | 893257 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10740356 | 10740356 | 10740356 | 0 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2022 തീയതിയിൽ 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4311/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്ററിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല. മരാമത്ത് പ്രവത്തികളിൽ നിന്നും ലഭിക്കുന്ന മണ്ണ് സ്റ്റോക്കിലെടുത്ത് ലേലം ചെയ്യാത്തത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നു.ആയത് കൃത്യമാക്കി രേഖപ്പെടുത്തേണ്ടതാണ്.

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.{കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)}

## 1-11 വസ്തു നികുതി(റസിഡൻഷ്യൽ) വാർഷിക കണക്കും സഞ്ചയ ഡി.സി.ബി യുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2425920 | 2296223 | 11715 | 119135 |
| വാർഷികകണക്കിലെ | 2425920 | 2294510 | 12896 | *119246 |

| | | | | |
|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | | | (1713+11183) | |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(125209/105X100) = 119246 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

## 1-12 വസ്തു നികുതി(നോൺ-റസിഡൻഷ്യൽ) വാർഷിക കണക്കും സഞ്ചയ ഡി.സി.ബി യുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1027424 | 870960 | 14760 | 142155 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1027424 | 870960 | 15230 | *142284 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *(149398/105X100 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-13 വസ്തു നികുതി- റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 118487 | 100849 | 17854 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *117670 | 100849 | **17911 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (122060+1494)=123554/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (18807/105X100)= 17911,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

## 1-14 വസ്തു നികുതി- നോൺ റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ-കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 122698 | 120416 | 3708 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 124147 | 120416 | 3720 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(118019+12335=130354/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(3907/105X100)=3720 ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-15 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക) ഡി.സി.ബി വാർഷിക കണക്കും സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസി ഡൻഷ്യൽ | 123540 | 6280 | 129820 | 116827 | 5129 | 121956 | 621 | | 6074 | 953 | 7027 |
| | നോൺ-റെസി ഡൻഷ്യൽ | 52023 | 7656 | 59679 | 43859 | 6031 | 49830 | 750 | | 7243 | 199 | 8005 |
| | ആകെ | | | 189499 | | | 171786 | 1371 | | 15032 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 189439 | | | 171846 | | | | 171846 | 14486 | | |
| | | 13876+175563 = (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 – State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻ സ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:1-11,1-12,1-13,1-14,1-15എന്നി ഖണ്ഡികയിലെ പട്ടികകൾ).

## 1-16 വസ്തുനികുതി-മുൻകൂർ- വാർഷികകണക്കും രജിസ്റ്ററിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ

ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 1153 | 127624 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 280 | 91854 |

## 1-17 യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‌ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2020-21വർഷത്തിൽ കാറളം ഗ്രാമപഞ്ചായത്തിൽ 164 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2020-21ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21സാമ്പത്തിക വർഷത്തെ ഡിമാന്റ് യഥാക്രമം1 ഉം2ഉം എൻട്രികൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിക്കുന്ന ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുന്നു

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/20120 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of | 3047 | 9846(1713+11183-3047) |

| | | | |
|---|---|---|---|
| | Revenues -Property Tax On Residential Building | | |
| 2 | 350410101- Advance Collection Of Revenues -Property Tax On Non- Residential Building | 30 | 15230 |

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 9289+15480=24769രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42000319 | 01/4/2020 | 9289 |

2.9.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42000318 | 1/4/2020 | 15480 |

## 1-19 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസ ഡിമാന്റ് എൻട്രി ചേർക്കുന്നില്ല

2020-21ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക1-17ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | തൊഴിൽ നികുതി | 110200101- സ്ഥാപനങ്ങൾ/പ്രൊഫഷണൽസ് /വ്യാപാരികൾ | 200000<br>79320 | 29/05/2020<br>15/01/2021 | 4200019<br>79320 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 ജേണൽ ബുക്ക്- രേഖപ്പെടുത്തലുകൾക്ക് വൌച്ചർ സൂക്ഷിക്കുന്നില്ല.

.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും

ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-21 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 464517 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2020-21കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3217262/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

## 1-23 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ -വാർഷികകണക്ക് പ്രകാരംചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഇതിനായി തുടങ്ങിയ ബാങ്ക് അക്കൌണ്ടും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320700104 | Contribution For Joint Venture Porojects(for Capital Expenditure)-from Block Panchayath | 9495 | 450650109-STSB-Joint Venture-601040/- | | |
| 2 | 320700105 | Contribution For Joint Venture Porojects(for Capital Expenditure)-from Dostrict Panchayath | 15320 | | | |
| 3. | 320700204 | Contribution For Joint Venture Porojects(for Revenue Expenditure)-from Block Panchayath | 1195800 | | | |
| 4 | 320700205 | Contribution | 548110 | | | |

| | | | |
|---|---|---|---|
| | | For Joint Venture Porojects(for Revenue Expenditure)- from District Panchayath | |
| | | Total | 1768725 |

## 1-24 ലോൺ രജിസ്റ്റർ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് ബാലൻഷീറ്റ് ഷെഡ്യൂൾ ബി-5 -Secured Loans - Loan From KURDFC എന്നശീർഷകത്തിൽ ലോൺ തിരിച്ചടവക്കാൻ ശേഷിക്കുന്നത് 8031664 / - രൂപയാണ്.ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടവാക്കാൻ ശേഷിക്കുന്ന ലോൺ തുക 7708134/- രൂപ .വാർഷിക കണക്കും ലോൺ രജിസ്റ്റർ പ്രകാരവുമുള്ള വ്യത്യാസത്തിന്റെ(323530 രൂപ) കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 1-25 ജേണൽ വൌച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 8136 |
| 280100102-Prior Period Income-profession Tax-instituions/professional /traders | (2640) |
| 280100104-Prior Period Income-property Tax On Residential Buildings | 12313 |
| 280200401-Prior Period Income-Other Income | (17310) |
| 280800101-Prior Period-Establishment Expenses | (1039) |
| 280800601-Prior Period- Revenue Grants&contributions | (147072) |
| 280800701-prior Period-miscellanious Expenses | (542957) |

## 1-26 ഉപയോഗിക്കാത്ത രശീതി പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കേണ്ടതാണ്

12.2.2021 ന് മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി ക്ക് രശീതി പുസ്തകം നം 4331 , 15.11.2021 ന് കൃഷി ഓഫീസർക്ക് രശീതി പുസ്തകം നം 4350 അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ ഈ രശീതി ബുക്കുകൾ നാളിതുവരെ ഉപയോഗിച്ചിട്ടില്ല. ടി രശീതി പുസ്തകങ്ങൾ തിരികെ വാങ്ങി സ്റ്റോക്കിലെടുക്കേണ്ടതും വിതരണം ചെയ്യേണ്ടതുമാണ്.

## 1-27 പഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

### എ) റേഷൻ കടകൾ, കള്ളുഷാപ്പുകൾ

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ,ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ് മുതലായവക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. . 2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 7 റേഷൻ കടകളും, 7കള്ളുഷാപ്പുകളും

പ്രവർത്തിക്കുന്നുണ്ട്. അതിൽ 2റേഷൻ കടകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. കള്ളുഷാപ്പുകൾ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. മാത്രമല്ല ടി സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ റേഷൻ കടകൾക്കും കള്ളുഷാപ്പുകൾക്കും നിയമപ്രകാരം നോട്ടീസ് നൽകി ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

റേഷൻ കടകളുടെയും കള്ളുഷാപ്പുകളുടെയും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.9/ 16.6.22 ) മറുപടി നൽകിയിട്ടുണ്ട്.

ബി) ഓഡിറ്റോറിയം -ലൈസൻസ് ഇല്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവേ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഓഡിറ്റോറിയത്തിന് ലൈസൻസ് ഇല്ല. ഇവയിൽ നിന്നും വരുമാനത്തിനനുസൃതമായി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.കത്ത് നൽകി നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.9/ 16.6.22 ) മറുപടി നൽകിയിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 കെട്ടിടനിർമ്മാണ അപേക്ഷ-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് നം.12900/ആർ.എ.1/2015/തസ്വഭവ. തീയതി 02.12.2015 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം മതിയായ പെർമിറ്റ് ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ഇതിന്റെ വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക എന്നിവ) ഫയലിൽ രേഖപ്പെടുത്തി, കരട് പെർമിറ്റ് തയ്യാറാക്കി രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി അംഗീകാരത്തിനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെ നോട്ടിൽ ഉടമസ്ഥതയ്ക്ക് ആധാരമായ രേഖകളുടെ പരിശോധന, അപേക്ഷകന്റെ ഉടമസ്ഥാവകാശം, അപേക്ഷയിലെ ഭൂമിയിലെ നിർമ്മാണാവകാശം എന്നിവ സംബന്ധിച്ച് പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാവുന്ന പക്ഷം പെർമിറ്റ് ഫീസ് / കോമ്പൗണ്ടിംഗ് ഫീസ് സംബന്ധമായി കണക്കാക്കലുകൾ നോട്ടിൽ വ്യക്തമാക്കേണ്ടതും പെർമിറ്റ് നിരസിക്കുന്ന പക്ഷം വ്യക്തമായ കാരണങ്ങൾ നോട്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ഗ്രാമ പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല

ഓഡിറ്റ് എൻക്വയറി നം.15/17.6.2022നുള്ള മറുപടിയിൽ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

## 1-29 തൊഴിൽ നികുതി ഈടാക്കിയില്ല

1.തൊഴിൽ നികുതി രജിസ്റ്ററും ലൈസൻസ് അപേക്ഷയും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | സൂര്യ ടൂൾസ് &ഡൈസ് | 4 |
| 2. | കൺമണി ലേഡീസ് കോർണർ | 4 |
| 3. | ദിയ ഹോട്ടൽ ബേക്കറി | 5 |
| 4. | ആമീസ് സൂപ്പർ മാർക്കറ്റ് | 4 |

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എൽ എഫ് മെഷനറീസ് ചെമ്മണ്ട എന്ന സ്ഥാപനത്തിൽ നിന്നും ജീവനക്കാരുടെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിട്ടില്ല.

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 9/ 16.6.22) മറുപടി

ലഭ്യമാക്കിയിട്ടുണ്ട്.

## 1-30 ലൈസൻസ് - ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2020-21 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. മിക്ക അപേക്ഷയിലും മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോയെന്നുള്ള വിവരം അറിയിക്കേണ്ടതാണ്.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വ്യാപാര സ്ഥാപനങ്ങളും 2017ലെ ചട്ടം ഭേദഗതി വരുന്നതിന് മുൻപ് ലൈസൻസ് എടുത്ത് പുതുക്കി വരുന്നവയാണെന്നും ടി സ്ഥാപനങ്ങളുടെ മൂലധനം പല ഉടമകൾക്കും കണക്കാക്കാൻ സാധ്യമാകുന്നില്ലെന്നും പുതിയ എല്ലാ സ്ഥാപനങ്ങളുടെ അപേക്ഷകളിലും മൂലധനം രേഖപ്പെടുത്തി വരുന്നുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.9/ 16.6.22 ) മറുപടി നൽകിയിട്ടുണ്ട്.

ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

3) 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് F ഒക്യുപൻസിയിൽപ്പെട്ട് നിർമ്മിത വിസ്തൃതി 300ച.മീറ്ററിൽ കൂടുതലും 1000 ച.മീറ്ററിൽ കുറവുള്ള എല്ലാ കെട്ടിടങ്ങൾക്കും National Building Code Of India ,2016 ലെ പാർട്ട് 4ഫയർഅന്റ് സേഫ്റ്റിലേയും തുടർഭേദഗതികളിലേയും അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ കെട്ടിടനിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്റ്റ്/എഞ്ചിനീയറുടെ സാക്ഷ്യപത്രം Appendix L ൽ അപേക്ഷനിൽ നിന്നും സ്വയം സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.പകർപ്പ് അടുത്തുള്ള ഫയർ സ്റ്റേഷനിൽ സമർപ്പിക്കേണ്ടതുമാണ്.

എന്നാൽ അഘോഷ് അജയൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള കാറളം വില്ലേജ് സർവ്വേ നം 1279/2 ൽ പൂർത്തീകരിച്ച ഗ്രൂപ്പ് F ഗണത്തിൽപ്പെട്ട 379.60 M2 കെട്ടിടത്തിന് അപേക്ഷകനും ലൈസൻസിയും ഒപ്പുവെച്ച സാക്ഷ്യപത്രം (Appendix L) ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള എല്ലാ രേഖകളും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/17.6.2022 നുള്ള മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-32 അനധികൃത നിർമ്മാണം - ഫീൽഡ് പരിശോധന നടത്തേണ്ടതാണ്.

1) 2020-21ൽ പഞ്ചായത്ത് പരിധിയിൽ നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി നടത്തേണ്ടതാണ്.

2) 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 95(3) പ്രകാരം ക്രമവത്ക്കരിച്ച വിവരം സെക്രട്ടറി Appendix G2 Form ൽ രജിസ്റ്റർ ചെയ്തു സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.15/17.6.2022)

## 1-33 നന്തി -താണ്ണിശ്ശേരി റോഡ് പുനരുദ്ധാരണം - ലഭ്യമായ മണ്ണ് ലേലം ചെയ്തില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സർവ്വേ റിപ്പോർട്ട് പ്രകാരം നന്തി -താണ്ണിശ്ശേരി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ നിന്നും ലഭ്യമായ മണ്ണിന്റെ (486 $M^3$) മൂല്യം 132900 രൂപയായിരുന്നു. ഈ മണ്ണ് ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്താൻ 8.2.2021 ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. (അജണ്ട നം 11) ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ (ഫയൽനം എ1-1019/21) 130 $M^3$മണ്ണ് ലേലം ചെയ്ത് കൈയ്യൊഴിഞ്ഞിട്ടുണ്ട്. 56 $M^3$ മണ്ണ് മഴയിലും ഒഴുക്കിലും നഷ്ടപ്പെട്ടതായി അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.( കത്ത് നം 68/AE/

LSGD/KRLM/21-22/ തിയതി 28.10.2021 ) ശേഷിക്കുന്ന മണ്ണ് 300$m^3$ മണ്ണ് ആണ്.(486-186) അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം ആയതിന്റെ മൂല്യം 105000/-(300x350) രൂപയുമാണ്.

ലൈഫ് മിഷന്റെ ലൈഫ് ഭവന സമുച്ചയം നിർമ്മാണത്തിനായുള്ള സ്ഥലത്ത് ഈ300$m^3$മണ്ണ് ലേലം ചെയ്യുന്നതിനായി കൂട്ടിയിട്ടിരുന്നുവെന്നും ഭവന സമുച്ചയം നിർമ്മാണത്തിനായി കുഴിച്ചെടുത്ത മണ്ണുമായി കൂടി കലർന്നതിനാൽ നിക്ഷേപിച്ച മണ്ണ് (300$m^3$ ) ലേലം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിലാണെന്നും ആയതിന്റെ തുക കണക്കാക്കി ലൈഫ് മിഷനിൽ നിന്നും ഈടാക്കുന്നതിന് നിർദ്ദേശം നൽകുന്നതിനും 18.6.21ന് നടന്ന പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടുണ്ട് .(തീരുമാനം നം.7(2). )

മേൽ വിഷയത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം അറിയിക്കുവാൻ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (നം.14/17.6.2022) ലൈഫ് മിഷനിൽ നിന്ന് എത്ര തുക നഷ്ടമായി കണക്കാക്കണമെന്ന് തീരുമാനം ഉണ്ടാകാത്തതിലാണ് തുടർ നടപടികൾ നീണ്ടു പോയതെന്നും ആയതു സംബന്ധിച്ച് ഭരണ സമിതിയുടെ തീരുമാനത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-34 പ്രളയാശ്വാസ ഫണ്ട് (എസ്.സി.പി ) ചെലവഴിച്ച് മാർച്ച് 2021 ന് വാങ്ങിയ 25 തയ്യൽ മെഷീനുകളിൽ 10എണ്ണം നാളിതു വരെ വിതരണം ചെയ്തിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | തയ്യൽ മെഷീൻ വാങ്ങൽ(പട്ടിക ജാതി) (നമ്പർ എസ് 0206/21) |
| ചെലവ് | ₹ 1,12,475/-(വികസന ഫണ്ട് -ഫ്ലഡ് റിലീഫ്(എസ്.സി.പി) |
| വൗച്ചർ നമ്പർ/തീയതി | 22001249/23.03.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടു പോയവർക്ക് ആയവ പുനസ്ഥാപിക്കാൻ പ്രോജക്ടുകൾ തയ്യാറാക്കാമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ( കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ലെ തീരുമാനം, തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 11/12019/ എസ്.ആർ.ജി/ എൽ.എസ്.ജി.ഡി /29.01.20 നമ്പർ കുറിപ്പ്) പഞ്ചായത്തിൽ 2019-20 വർഷം പട്ടിക ജാതി വിഭാഗക്കാർക്ക് തയ്യൽ മെഷീൻ വാങ്ങി നല്കുന്നതിനായി പദ്ധതി തയ്യാറാക്കി (നമ്പർ എസ് 0193/20) അംഗീകാരം ലഭിച്ചിരുന്നെങ്കിലും പ്രസ്തുത വർഷം നടപ്പിലാക്കിയില്ല. 2020-21 വർഷം പ്രസ്തുത പദ്ധതി സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം ലഭിച്ചു. പദ്ധതിയുടെ ഭാഗമായി 25 തയ്യൽ മെഷീനുകളുടെ വിലയായി ₹ 1,12,475/- ബാംഗ്ളൂരിലെ മെസ്സേഴ്സ് സിംഗർ ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നല്കി. 25.03.2021 ന് മെഷിനുകൾ ലഭിച്ച് സ്റ്റോക്കിലെടുത്തെങ്കിലും (സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 31) 15 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്നവ വിതരണം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നല്കിയിരുന്നു ( നമ്പർ 03/ തീയതി 16.06.2022). ആയതിന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്-" പ്രൊജക്ടിൽ വകയിരുത്തിയ 25 ഗുണഭോക്താക്കളിൽ കൃത്യമായ രേഖകളുള്ള (ജാതി സർട്ടിഫിക്കറ്റ് ,റേഷൻ കാർഡ് തുടങ്ങിയവ) 15 വ്യക്തികൾക്കാണ് മെഷീൻ വിതരണം ചെയ്തിട്ടുള്ളത്. തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ളവരെയാണ് ഇതിനായി ലിസ്റ്റിൽ നിന്നും പരിഗണിച്ചത്. ശേഷിക്കുന്നവർക്ക് അംഗത്വം ലഭിച്ചാലുടൻ മെഷീൻ വിതരണം ചെയ്യുന്നതാണ്".

അർഹരായ ഗുണഭോക്താക്കൾ പഞ്ചായത്തിലുണ്ടോയെന്ന് ഉറപ്പ് വരുത്തിയ ശേഷം പ്രൊജക്ട് തയ്യാറാക്കുകയും ആവശ്യത്തിനുള്ള എണ്ണത്തിന്റെ തുകമാത്രം ചെലവഴിക്കുകയും ചെയ്തിരുന്നെങ്കിൽ ഇത്തരമൊരു സ്ഥിതിവിശേഷം സംജാതമാകില്ലായിരുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി തലത്തിൽ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-35 തെരുവ് വിളക്കുകളുടെമീറ്ററിങ്ങ് തുക നൽകി വർഷങ്ങളായിട്ടും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെട്ട കരുവന്നൂർ ഇലക്ട്രിക്ക് സെക്ഷനിലെ തെരുവ് വിളക്കുകളുടെ കൺസ്യൂമർ നമ്പറായ1156402016957നാളിതുവരെ മീറ്ററിങ്ങ് നടത്തിയിട്ടില്ല.ഡിമാന്റ് നോട്ടീസിൽ അൺമീറ്ററേഡ് എന്ന് രേഖപ്പെടുത്തി കാണുന്നു.മാത്രമല്ല 2020 21 കാലയളവിലെ പ്രതിമാസ ഡിമാന്റ് നോട്ടീസുകൾ പ്രകാരം 107881/-രൂപ - കുടിശ്ശിക അടവാക്കാൻ ഉള്ളതായും കാണിച്ചിട്ടുണ്ട്.ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കെ.എസ്.ഇ.ബി 2011-2017 വരെയുള്ള കാലയളവിൽ വൈദ്യുതി ബിൽ ഷോർട്ട് അസ്സസ്സ് ചെയ്തിനാലാണ് കുടിശ്ശിക വരാനുണ്ടായ സാഹചര്യം എന്ന് വ്യക്തമാകുന്നത്.ഫയൽ പ്രകാരം കുടിശ്ശിക അടവാക്കുന്നതിനുള്ള കെ.എസ്.ഇ.ബി യുടെ അദാലത്തുമായി ബന്ധപ്പെട്ട് 17.2.2022ൽ നൽകിയ ഡിമാന്റ് നോട്ടീസിലും 107880 /- രൂപ കുടിശ്ശിക അടവാക്കാനായി ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് വ്യക്തവരുത്തുന്നതിനായി നൽകിയ ഓഡിറ്റ്

എൻക്വയറി 10/16.06.2022നുള്ള മറുപടിയിൽ പഞ്ചായത്ത് 2012-13 കാലഘട്ടത്തിൽ കെ.എസ്.ഇ.ബി ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കാട്ടൂർ,ഇരിങ്ങാലക്കട,കരുവന്നൂർ സെക്ഷനുകൾക്ക് തുക അടവാക്കിയെങ്കിലും കരുവന്നൂർ സെക്ഷൻ നാളിതുവരെ മീറ്റർ സ്ഥാപിച്ച് കമ്മീഷൻ ചെയ്തിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.ഇതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.കുടിശ്ശിക വന്നത് കെ.എസ്.ഇ.ബി ഷോർട്ട് അസ്സസ്സ് ചെയ്തിനാലാണെന്നും പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ചയില്ലാത്തതിനാൽ തുക അടവാക്കുന്നതിന് സർക്കാരിൽ നിന്നുള്ള അനുമതി നേടുന്നതിന് പഞ്ചായത്ത് കമ്മറ്റിയിൽ തീരുമാനം എടുത്തതായും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.മീറ്റർ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ആവശ്യമാണ്.കുടിശ്ശിക അടവാക്കൽ തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറിയത്- പ്രവൃത്തി പൂർത്തീകരണം/ ധനവിനിയോഗം സംബന്ധിച്ചുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2020-21വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിററി ബോർഡ് ലിമിറ്റഡ്, കേരള വാട്ടർ അതോറിട്ടി എന്നീ സ്ഥാപനങ്ങളിലേക്ക് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി ചുവടെ കാണിച്ചിരിക്കുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേരും നമ്പരും | തുക കൈമാറിയത് ആർക്ക് | തുക, ഫണ്ടിനം | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|
| 1 | കുടിവെള്ള കണക്ഷൻ- ജനറൽ(ജൽജീവൻ) എസ്0244/21 | എക്സിക്കുട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിട്ടി പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കട. | 5,00,000/- (വികസന ഫണ്ട്- ജനറൽ) | 22000744/ 05.11.2020 |
| 2 | വെള്ളാനി സബ് സെന്ററിലേക്ക് ലൈൻ വലിക്കൽ എസ് 00175/21 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ, കാട്ടൂർ. | 73,650/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 22000319/ 05.05.2020 |
| 3 | വിവിധ വാർഡുകളിലെ ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എസ് 00281/21 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ, കാട്ടൂർ. | 22,301/-(തനത് ഫണ്ട്) 88,000/-(വികസന ഫണ്ട്- ജനറൽ) 574/-(വികസന ഫണ്ട്- ജനറൽ) ആകെ 1,10,875/ - | 22000746/ 27.11.2020 22001186/ 27.02.2021 22001260/ 26.03.2021 |
| | ആകെ | | 6,84,525/- | |

മേൽ പ്രകാരം കൈമാറിയ തുകയുടെ ധനവിനിയോഗം /പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ചുള്ള സാക്ഷ്യപത്രങ്ങൾ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 01/ തീയതി 16.06.2022).

## 1-37 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- ധനവിനിയോഗം സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (നമ്പർ എസ് 0020/21) |
| ചെലവ് | ₹3,12,500/- (വികസന ഫണ്ട്- ജനറൽ) (വൗച്ചർനമ്പർ 22001098/തീയതി18.02.2021) ₹2,00,000/-(ബ്ലോക്ക്പഞ്ചായത്ത് വിഹിതം)(വൗച്ചർനമ്പർ 22001190/തീയതി 02.03.2021 ആകെ- ₹5,12,500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 41 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതമായി

₹5,12,500/- തൃശ്ശൂർ ജില്ലാ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട് .

കാറളം ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ തീറ്റ വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 04/2021 മുതലാണ് തീറ്റ വിതരണം ആരംഭിച്ചിട്ടുള്ളത്. അന്ന് മുതൽ 40 ഗുണഭോക്താക്കൾക്കാണ് തീറ്റ വിതരണം ചെയ്തു വരുന്നത്. വിവിധ കാരണങ്ങളാൽ പദ്ധതിയിൽ നിന്നും നീക്കം ചെയ്യുന്നവരുടെ ചെലവഴിക്കാൻ ശേഷിക്കുന്ന പഞ്ചായത്ത് വിഹിതം തിരികെ വാങ്ങേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഒപ്പം ചെലവഴിക്കാൻ ശേഷിക്കുന്ന തുകയും എസ്.എൽ.ബി.പി നിന്നും തിരികെ വാങ്ങി സർക്കാരിൽ അടവാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നമ്പർ 02/ തീയതി 16.06.2022).

## 1-38 അമൃതം ജീവാമൃതം പദ്ധതി-മരുന്നുകൾ മുഴുവനും ലഭ്യമായില്ല

പ്രോജക്ട് നമ്പർ : 41/21

പ്രോജക്ടിന്റെ പേര് : അമൃതം ജീവാമൃതം
നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി.,
ട്രഷറി ബിൽ നമ്പർ: 41/2-21, തീയതി : 9.3.2021 തുക : 81710/-

മേൽ പദ്ധതി പ്രകാരം 81710/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുള്ളതിൽ 77683/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ.ബാക്കി തുകയായ 4027- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരികരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിനുള്ള (ഓഡിറ്റ് അന്വേഷണം നമ്പർ:6/16.6.22) മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

## 1-39 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ : 44/21

പ്രോജക്ടിന്റെ പേര് : കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ
നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.,
1.ട്രഷറി ബിൽ നമ്പർ:19/20-21തീയതി: 20.3.21 തുക119375/- രൂപ

2.ട്രഷറി ബിൽ നമ്പർ:27/20-21തീയതി: 30.3.21 തുക 16393/-രൂപ

കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നുവാങ്ങൽ പദ്ധതി പ്രകാരം 135768 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുള്ളതിൽ 99897/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി തുകയായ 35871/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല.മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിനുള്ള (ഓഡിറ്റ് അന്വേഷണം നമ്പർ:6/16.6.22) മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-40 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നം.14/21

നിർവ്വഹണ ഉദ്യോഗസ്ഥൻ--മെഡിക്കൽ ഓഫീസർ

ബിൽ നം. തി. തുക -20/20-21 Dt.08.09.20 -700000/-

പ്രോഫോർമ ഇൻവോയ്സ് നം.98337/17.04.20 പ്രകാരം 700000/- രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ആകെ 665482/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ക്രമ നം. | ഇൻവോയ്സ് നം. തി. | തുക |
|---|---|---|
| 1 | 90167915/30.06.20 | 39730/ |
| 2 | 90179466/16.09.20 | 359895/- |
| 3 | 90182157/30.09.20 | 23096 |
| 4 | 90184662/22.10.20 | 78301 |
| 5 | 90190107/30.11.20 | 66035 |
| 6 | 90192455/24.12.20 | 72164 |
| | 90197800/31.01.21 | 21132 |

| | | |
|---|---|---|
| | 90204406/27.03.21 | 5129 |
| | | 665482/- |

ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-41 പഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി-

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി.27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution").* ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation,water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ, എംബുക്ക് എന്നിവ പരിശോധിച്ചതിൽ തോടുകളിൽ നിന്നും കളവാഴ, മറ്റ് കളകൾ, ചെളി മറ്റ് വസ്തുക്കൾ എന്നിവ നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ.നം. | പ.നം/പേര്/ കരാറുകാരൻ | എം.ബി നം. | ആകെ പ്രവൃത്തി മൂല്യം | GST 5% | GST ഉൾപ്പെടെ ആകെ തുക | ബിൽ നം. | തുക |
|---|---|---|---|---|---|---|---|
| 1 | 261/21 ചെങ്ങാനിപ്പാടം തോട് വൃത്തിയാക്കലും, ആഴം കൂട്ടലും , | 24/20-21 | 172388.45 | 8619.42 | 181008 | 75/30.03.21<br>76/30.03.21 | 46880<br>134128 |
| 2 | 267/21 പെരുംതോട് ആഴം കൂട്ടലും,വൃത്തിയാക്കലും ജയരാജൻ.പി.എസ്. | 17/20-21 | 329153.58 | 16457 | 345611 | 67/24.03.21 | 345611 |
| 3 | 190/21 പെരുംതോട് ആഴം കൂട്ടൽ വാർഡ്8,9, ജയരാജൻ.പി.എസ്. | 171/18-19 | 325765 | 16288 | 342054 | 21/16.07.21 | 342054 |
| 4 | 150/21 ജലരക്ഷ ജീവരക്ഷ, ഞാൻ ഒഴുകട്ടെ, ജയരാജൻ.പി.എസ് | 42/20-21 | 377756 | 18888 | 396644 | 32/22.09.20 | 396644 |
| | | | | 60252/- | | | |

മേൽ പ്രകാരം 60252/- രൂപ ജി എസ് ടി ഇനത്തിൽ കരാറുകാരന് നല്കിയതായി കാണുന്നു. ഈ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/17.6.22) ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമായിരുന്ന തുക കരാറുകാരന് ജി എസ് ടി ഇനത്തിൽ കൂടുതലായി നല്കി.

## 1-42 മനപ്പടി റോഡ് കാന നിർമ്മാണം-വാർഡ് -7 അപാകത

പ്രോജക്റ്റ് നം. 187/21

എഗ്രിമെന്റ് നം. 10/AE/LSGD/KLM/202-21/08.06.20

കരാറുകാരൻ-കെ.ആർ.ജയകുമാർ

എം.ബുക്ക് നം. 30/19-20

മേൽ പ്രവൃത്തിയുടെ ഇനം 1 (3.5.1) ആയി 131.622m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ 18.08.20 ലെ കമ്മിറ്റി തീരുമാനപ്രകാരം ലഭ്യമായ മണ്ണ് പ്രവൃത്തി സ്ഥലത്ത് നിന്നും മാറ്റേണ്ട അടിയന്തിര സാഹചര്യം പരിഗണിച്ച് വാർഡ് 9 ലെ KLDC ബണ്ട് റോഡിൽ നിക്ഷേപിച്ചിട്ടുണ്ട്. .ടി മണ്ണ് വാല്യുവേഷൻ നടത്തിയതായോ,സ്റ്റോക്കിലെടുത്ത് ലേലം നടത്തിയതായോ കാണുന്നില്ല.ബ്ണ്ട് റോഡിൽ ടി മണ്ണ് ഉപയോഗപ്പെടുത്തുന്നതിന് KLDC യുടെ അനുമതി ആവശ്യമാണ്. എന്നാൽ ഇത്തരത്തിൽ അനുമതി ലഭ്യമായിട്ടില്ല. പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ഇതു മൂലം നഷ്ടപ്പെടുന്ന അവസ്ഥയാണ് സംജാതമായിട്ടുള്ളത്.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി -7/16.06.22 ന് മറുപടിയായി മേൽ പ്രവൃത്തിയിൽ നിന്നും ലഭ്യമായ 131.62m3 മണ്ണ് യാത്രക്കാർക്ക് തടസ്സമാകുന്ന രീതിയിൽ കിടന്നിരുന്നതിനാൽ അടിയന്തിരമായി റോഡിൽ നിന്നും മാറ്റേണ്ടതിനാൽ KLDC യുടെ അനുമതി മുൻകൂറായി വാങ്ങുവാൻ സാധിച്ചില്ല.പഞ്ചായത്ത് കമ്മിറ്റിയുടെ 18.8.20 ലെ 12(1) ലെ കമ്മിറ്റി തീരുമാന പ്രകാരം ലഭ്യമായ മണ്ണ് സഞ്ചാര യോഗ്യമല്ലാതെ കിടന്നിരുന്ന താണിശ്ശേരി പത്തനാപുരം റോഡിൽ നിക്ഷേപിക്കുകയാണുണ്ടായത് എന്ന് മറുപടി നൽകി.ഓരോ പ്രവൃത്തിയുടേയും കുഴിച്ചെടുക്കുന്ന മണ്ണ് സ്റ്റോക്കിലെടുത്ത് ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്.എന്നാൽ കരാറിലെ വ്യവസ്ഥ മേൽ പ്രകാരം പുതുക്കിയിട്ടില്ല.മേൽ പ്രകാരം പുതുക്കിയ വ്യവസ്ഥ കരാറിൾ ഉൾപ്പെടുത്തിയിട്ടില്ല.

കരാറിലെ വ്യവസ്ഥ 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണ്.അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തി കൊണ്ടും,പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴയും ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -152/21<br>കുട്ടികൂട്ടം ചിൽഡ്രൻസ് പാർക്ക് നിർമ്മാണം.<br>അടങ്കൽ - 1000000/-<br>കരാർ തുക - 801378/-<br>കരാറുകാരൻ - പിയൂസ് മാളിയേക്കൽ.<br>അളവു പുസ്തകം- 122/18-19,123/19-20<br>ആകെ ചെലവ്- 912341/-<br>തൻവർഷം ചെലവ്- 418265/-<br>ട്രഷറി ബിൽ നമ്പർ 10/21.4.2020- 61855/-<br>;ചെക്ക് നം.298693/16.09.20<br>33616/-<br>22/14.8.20 /-317794/-<br>(സാങ്കേതിക അനുമതി പ്രകാരം 7മാസം | എഗ്രിമെന്റ് നം. 02/AE/LSGD /KLM/2018-2019 Dt.27.06.2018 | 26.01.19 | 10.06.20 | 24041/-(801378*3%) |
| 2 | പ്രോജക്ട് നമ്പർ | എഗ്രിമെന്റ് നം. | 03.10.18 | 06.03.20 | 4364(145472*3%) |

| | | | | | |
|---|---|---|---|---|---|
| | -151/21 – വെറ്ററിനറി ആശുപത്രി മെയിന്റനൻസ് അടങ്കൽ - 146000/- കരാർ തുക – 145472/- കരാറുകാരൻ - മെറീബ.എ.ഡി. അളവു പുസ്തകം-160/19-20 ട്രഷറി ബിൽ നമ്പർ 14/21.04.20 ചെലവ് തുക – 102773/- (സാങ്കേതിക അനുമതി പ്രകാരം 3മാസം | 36/AE/LSGD /KLM/2018-19 Dt.04.07.2018 | | | 1021/രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.ബാക്കി 3343/-(4364-1021)രൂപ ഈടാക്കേണ്ടതാണ് |
| 3 | വെറ്ററിനറി സബ് സെന്റർ മെയിന്റനൻസ് അടങ്കൽ - 150000/- കരാർ തുക – 149192/- കരാറുകാരൻ - മെറീബ.എ.ഡി. അളവു പുസ്തകം-27/18-19 ട്രഷറി ബിൽ നമ്പർ-60/26.02.21-102125/- (സാങ്കേതിക അനുമതി പ്രകാരം 6മാസം | 47/AE/LSGD /KLM/2018-19 Dt.18.11.2018 | 17.05.19 | 22.06.20 | 4476/- (149192*3%) |
| | ആകെ | | | | 31860/-- |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 11/17.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.കരാറുകാരിൽ നിന്നും മേൽ പ്രകാരം പിഴ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-44 കുട്ടികൂട്ടം ചിൽഡ്രൻസ് പാർക്ക് നിർമ്മാണം -അപാകതകൾ

പ്രോജക്റ്റ് നം.152/21

എഗ്രിമെന്റ് -02/AE/lsgd/klm/27.06.18

ബിൽ നം. തി. തുക-10/21.04.20-66855/-

22/14.08.20-317794/-

2984693/16.09.20 - 33616/-

വകയിരുത്തിയ തുക -1000000/-
M.B 122/18-19,123/19-20

TS-10041/18-19/13.05.18

കരാർ കാലാവധി -7മാസം

കോസ്റ്റ് ഇൻഡക്സ് 37.25

Revised Estimate 10041/25.02.20-

കരാറുകാരൻ -പിയൂസ്,മാളിയേക്കൽ

കരാർ തുക -801378.69

കളി ഉപകരണങ്ങൾ -കരാർ തുക -189000/-

പണി പൂർത്തീകരിച്ച തിയ്യതി- 10.06.20

ആകെ പ്രവൃത്തി മൂല്യം -912341/-

അപാകതകൾ

1)പഞ്ചായത്തിനടുത്തുള്ള ഗ്രൗണ്ടിലാണ് ടി പ്രവൃത്തി ചെയ്തിട്ടുള്ളത്. ഇനം 15 പ്രകാരം 255.702 M2 (@298.100-76224.71)വിസ്തീർണ്ണത്തിൽ പുല്ല് വെച്ച് പിടിപ്പിച്ചിട്ടുണ്ടായിരുന്നു എന്നാൽ നിലവിൽ അവയെല്ലാം നശിച്ച് പോയ അവസ്ഥയാണ്.മാത്രമല്ല ടി ഗ്രൗണ്ട് കാട് പിടിച്ചു കിടക്കുന്ന അവസ്ഥയുമാണ്.

2)മേൽ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 15 ആയി സ്ലൈഡർ സ്വിങ്ങ്,6സീറ്റർ മെറിഗോ റൗണ്ട്,2 സീറ്റർ സീസോ എന്നിവ വാങ്ങിയതിന് 189000/- രൂപയും റെഡിമെയ്ഡ് സിമന്റ് കോൺക്രീറ്റ് ബഞ്ച്(3),വാങ്ങിയതിന് 18000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.എന്നാൽ മെറിഗോ റൗണ്ട്,സ്ലൈഡർ എന്നിവ കേടായി ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണ്.ആയത് സ്ഥാപിച്ച് ഒരു വർഷം പൂർത്തിയാകുമ്പോഴേക്കും ഇപ്രകാരം ഉപകരണങ്ങൾ കേട് വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് . ഉപകരണങ്ങൾ വാങ്ങിയ കരാറുകാരനിൽ നിന്നും ആയതിന്റെ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (27/17.06.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.കാലവർഷത്തിൽ മഴപെയ്തതു മൂലം മരം വീണതിനാലാണ് ഉപകരണങ്ങൾ നശിച്ചതെന്നറിയിച്ചിട്ടുണ്ട്.നിലവിൽ ടി സ്ഥലം ഉപയോഗിക്കാനാവാത്ത വിധം കാട് പിടിച്ച് കിടക്കുന്ന അവസ്ഥയാണ്. ആയത് ശരിയാക്കി പാർക്ക് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 1-45 ഭവന നിർമ്മാണം-അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് -ലൈഫ് മിഷൻ പദ്ധതി(പട്ടികജാതി)- 47/21

നിർവ്വഹണം - വി.ഇ.ഒ (മനവലശ്ശേരി സർക്കിൾ)

ഫണ്ട് - എസ്.സി.പി

അടങ്കൽ -5289000

ചെലവ് -5289000

മേൽ പദ്ധതി പ്രകാരം ഷാബുമേക്കാട്ട്,താണിശ്ശേരി (വാർഡ് 10) എന്നവർക്ക് 40000/- രൂപ മുൻകൂറായി നൽകി (ട്രഷറി ബിൽ നം.18/20-21/11.2.21 ,1800000/-). തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ഓഡിറ്റ് കാലയളവിലും (06/2022) നടത്തിയതായി രേഖയില്ല. 2020-21 ലെ പദ്ധതി പ്രകാരം ആരംഭിച്ച പ്രവൃത്തി 2021-22 ലും പൂർത്തീകരിക്കരിച്ചിട്ടില്ല.കാലതാമസം വരാനുണ്ടായ കാരണം അറിയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-46 ചെലവു രേഖകൾ ഹാജരാക്കിയില്ല-152536 രൂപ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി.നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവിനാധികാരികമായ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

1.പ്രോജക്ട് നമ്പർ : 273/21

പ്രോജക്ടിന്റെ പേര് -ഫാർമസിസ്റ്റ് ,ആശുപത്രി അറ്റൻന്റർ വേതനം

| വൗച്ചർ നം | തിയതി | തുക |
|---|---|---|
| 22000715 | 23.11.20 | 18200 |
| 22000989 | 8.2.2021 | 21320 |
| 22001154 | 23.3.2021 | 9840 |
| 22001155 | 23.3.2021 | 2750 |
| 22001244 | 31.3.2021 | 24960 |
| ആകെ | | 77070 |

2.പ്രോജക്ട് നമ്പർ -177/21

പ്രോജക്ടിന്റെ പേര് -അമൃതം ജീവാമൃതം (പാലിയേറ്റീവ് പരിചരണം)

| വൗച്ചർ നം | തിയതി | തുക |
|---|---|---|
| 22000143 | 26.5.2020 | 10206 |
| 22000221 | 16.6.2020 | 43560 |
| 22000637 | 1.11.2020 | 21700 |
| ആകെ | | 75466 |

രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 152536 രൂപ (77070+75466 ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു
(ഓഡിറ്റ് അന്വേഷണം നമ്പർ:6/16.6.22)

## 1-47 ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി.,നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ ഫയൽ സൂക്ഷിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.തുകകൾ കൈമാറിയതിന്റെ യു.ടി.ആർ സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടില്ല.

2.പ്രോജക്ട് ഫോറം 3 പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല.

ആയത് ഫയലിനോടൊപ്പം സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിനുള്ള (ഓഡിറ്റ് അന്വേഷണം നമ്പർ:6/16.6.22) മറുപടിയിൽ യു.ടി.ആറും പ്രോജക്ട് ഫോറവും ഫയലിനോടൊപ്പം സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ആശ്രയ | 100000 | 100000 |
| | | 400000 | പ്രൊ.നം. എം.എം.കനാൽ വാട്ടർപാർക്ക് | 400000 | 0 |
| | | 590207 | പ്രൊ.നം. ലൈഫ് മിഷൻ (ജനറൽ) | 590207 | 0 |
| | | 100000 | പ്രൊ.നം.17/20 പൊതുകിണർ സുജലം | 100000 | 0 |
| | | 200000 | ഓപ്പണിങ്ങ് ബാലൻസ് | 0 | 200000 |

| | | | | | |
|---|---|---|---|---|---|
| | | 557800 | പ്രോ.നം.<br>ശുചിത്വ കിണർ | 12000 | 545800 |
| | | 200000 | പ്രോ.നം.<br>നെൽകൃഷി കൂലിചെലവ് | 0 | 200000 |
| | | 100000 | പ്രോ.നം.<br>ഔഷധോദ്യാനം | 0 | 100000 |
| | | 50000 | പ്രോ.നം.<br>ആശ്രയ പദ്ധതി | 0 | 50000 |
| ജില്ലാ പഞ്ചായത്ത് | | 115775 | കട്ടിക്കൂട്ടം ചിൽഡ്രൻസ് പാർക്ക് | 33616 | 82159 |
| | | 500000 | പ്രോ.നം.133/20<br>കട്ടിക്കൂട്ടം ചിൽഡ്രൻസ് പാർക്ക് നിർമ്മാണം | 384225 | 10585 |
| | | 192072 | എം.എം.കനാൽ വാട്ടർ പാർക്ക് | 173128 | 18944 |
| | | 2054 | പ്രോ.നം.<br>പറൂപാടം റോഡ് റീടാറിങ്ങ് | 0 | 2054 |
| | | 10585 | പ്രോ.നം.<br>പട്ടന്റെകുന്ന് റോഡ് റീടാറിങ്ങ് | 0 | 10585 |
| | | 64897 | ചെമ്മണ്ട ശ്മശാനം റോഡ് റീടാറിങ്ങ് | 57735 | 7162 |
| | 2019-20 | 200000 | പ്രോ.നം.<br>പൊതുകിണർ സംരക്ഷണം | 0 | 200000 |
| | | 3268 | പ്രോ.നം<br>വയോജനങ്ങൾക്ക് കട്ടിൽ | 0 | 3268 |
| | | 80000 | പ്രോ.നം.<br>ആശ്രയ പദ്ധതി ജനറൽ | 80000 | 0 |
| | | 200000 | പ്രോ.നം.147/20<br>ലൈഫ് മിഷൻ(ജനറൽ) | 0 | 200000 |
| | | 200000 | പ്രോ.നം.<br>ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ | 0 | 200000 |
| | | 123100 | പ്രോ.നം.195/20<br>ഭിന്നശേഷിയുള്ളവർക്ക സ്കോളർഷിപ്പും ബത്തയും | 95667 | 27433 |
| | | 11825 | പ്രോ.നം.<br>സ്ട്രീറ്റ് ലൈൻ വലിക്കൽ | 0 | 11825 |
| | | 280000 (20-21) | പ്രോ.നം.<br>താണിശ്ശേരി കൾവർട്ട് | 280000 | 0 |
| | | 10206 | പ്രോ.നം.24/20<br>അമൃതം ജീവാമൃതം(പാലിയേറ്റീവ് പരിചരണം) | 10206 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | ഡെപ്പോസിറ്റ് നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 22000803-360995/-<br>22000804-139005/-<br>22000805-400000/- | 900000/- | 900000 | 0 |
| 2 | കേരള വാട്ടർ അതോറിറ്റി | ജൽ ജീവൻ കടിവെള്ള കണക്ഷൻ | 22000714 | 500000 | 500000 | 0 |
| 3 | കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി | 22000186-88000<br>220001260-574 | 88574 | 88574 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | സ്ഥാപിക്കൽ | | | | |
| | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 22001220 | 179296 | 179206 | 0 |
| | കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000397 | 14264 | 14264 | 0 |
| | കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000746-22301<br>22000319-76350 | 22301<br>73650 | 73650 | 0 |

നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE - Loan From HUDCO | LF-511/18 Dt.02.01.2019 | 9130526 | 8806997 | 775333 | 0 | 8031664 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 52,21,795 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 52,21,795 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 52,21,795 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരംSBI | 32,21,791- |
| FEDERAL BANK | 2000000 |
| | 52,21,795 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-2017 | 2(1) | 1259 | എം.വി പീയൂസ് | 119030100738/20.06.19 |
| 2015-16 | 2(5) | 360 | കാറളം കുറീസ് പ്രൈ.ലി. | 119030102347/18.11.19 |
| 2015-16 | 2(5) | 360 | ഗ്രാന്റ് ഫിനാൻസ് | 119030102348/18.11.19 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71130790.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70666273.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 152536/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-46 | 152536/- | ഡോ.ഫിജു.ടി.മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി |
| ആകെ | 152536/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിമി.വി.യു | അസി.എഞ്ചിനീയർ, കാറളം ഗ്രാമപഞ്ചായത്ത് | തൊഴുത്തുംപറമ്പിൽ വീട്, സെമിനാരി റോഡ്, ഇരിങ്ങാലക്കുട(പി.ഒ) |
| ഡോ.ഫിജു.ടി. | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി | തറയിൽ വീട് എ.കെ.പി.ജംഗ്ഷൻ ഇരിങ്ങാലക്കുട. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-86 | എൽ.എഫ്.ടി.പി.7-232/13 തീയ്യതി15.3.2014/ 16.6.2014ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1992-93, 1993-94 | |
| 1994-95, 1995-96 | കെ.എസ്.എ.ടി.എസ്.ആർ.പി.7-274/16 തിയ്യതി. 18.4.2016/ 10.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1996-97 | |
| 1997-98 | |
| 1998-99 (വരവ്) | |
| 1998-99 (ചെലവ്) | |
| 1999-00 | |
| 2000-01 | എൽ.എഫ്.ടി.16-875/02/21.10.02 |
| 2001-02 പദ്ധതി വരവ്-ചെലവ് | എൽ.എഫ്.ടി.16-1340/03/20.02.04 |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-827/05/09.03.06 |
| 2002-03 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1821/07/22.09.08 |
| 2003-04 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1822/07/22.09.08 |
| 2004-05 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1823/07/22.09.08 |
| 2005-06 | എൽ.എഫ്.ടി.16-582/10/24.01.11 |
| 2006-07 | എൽ.എഫ്.ടി.16-583/10/24.01.11 |
| 2007-08 | എൽ.എഫ്.ടി.പി.11-1199/11/06.02.11 |
| 2008-09 | എൽ.എഫ്.ടി.പി.11-1200/11/05.02.11/18.09.12 |
| 2009-10,2010-11 | എൽ.എഫ്.ടി.പി.(3)2295/12/18.03.13/01.07.13 |
| 2011-12 | എൽ.എഫ്.ടി.പി.(3)232/13/17.04.13/01.08.13 |
| 2012-13 | എൽ.എഫ്.ടി.പി.(7)1700/14/09.02.15/08.06.15 |

| | |
|---|---|
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)183/16/ 19.2.2016/10.3.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)1151/16 തിയ്യതി 20.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)148/17 തിയ്യതി 21.07.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)1718/17 തിയ്യതി30.11.17/ 01.01.2018 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)136/2019 തിയതി: 17.05.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)136/2019 തിയതി: 17.05.2019 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(പി.8)873/2021 തിയതി: 2.7.2021 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്